ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11-06-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ നിതി ആയോഗ് ഭരണ സമിതി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

   **PM Narendra Modi Chairs NITI Aayog Governing Council Meeting in New Delhi**

2. രാജ്യത്തെ കർഷകരുടെ ക്ഷേമത്തിനാണ് സർക്കാർ ഏറ്റവും കൂടുതൽ മുൻഗണന നൽകുന്നതെന്നും, അവരുടെ ജീവിതം സുഗമമാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **PM Says Farmers' Welfare Is Top Priority, Promises All Efforts to Ease Their Lives**

3. എഥനോൾ ചേർത്ത പെട്രോളിന് എക്സൈസ് ഡ്യൂട്ടി ഒഴിവാക്കി കേന്ദ്ര സർക്കാർ.

   **Union Government Waives Excise Duty on Ethanol-Blended Petrol**

4. ഇറാൻ - അമേരിക്ക സൈനിക ഏറ്റുമുട്ടൽ രൂക്ഷം: ഹോർമൂസ് കടലിടുക്ക് അടച്ചതായി ഇറാൻ ; നിഷേധിച്ച് യു എസ്.

   **Iran-US Military Conflict Intensifies: Iran Closes Strait of Hormuz, US Denies Claim**

5. കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത, ഇന്ന് മൂന്ന് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy Rain Likely in Kerala; Orange Alert in Three Districts, Fishing Banned Along Coast of Keralam, karnataka and Lakshadweep**

6. കായികലോകം ആവേശത്തോടെ കാത്തിരിക്കുന്ന ഫിഫ ലോകകപ്പ് ഫുട്ബോളിന് മണിക്കൂറുകൾക്കകം കിക്കോഫ്.

   **FIFA World Cup Kicks Off in Hours Amid Global Sports Excitement**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## വാർത്തകൾ വിശദമായി......

## DAY PM-NITI AAYOG

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ പതിനൊന്നാമത് നിതി ആയോഗ് ഭരണസമിതി യോഗം രാഷ്ട്രപതി ഭവനിൽ പുരോഗമിക്കുന്നു. 'വികസിത് ഭാരത് 2047-നായുള്ള, എല്ലാവരെയും ഉൾക്കൊള്ളുന്ന മനുഷ്യവിഭവശേഷി വികസനം' എന്നതാണ് ഈ വർഷത്തെ മുഖ്യ പ്രമേയം. സംസ്ഥാന മുഖ്യമന്ത്രിമാരും ലഫ്റ്റനന്റ് ഗവർണർമാരും പങ്കെടുക്കുന്ന യോഗത്തിൽ സംരംഭകത്വം, തൊഴിൽ വൈദഗ്ധ്യം, സുസ്ഥിര തൊഴിലവസരങ്ങൾ, ആരോഗ്യം, പോഷകാഹാരം എന്നിവയാണ് പ്രധാന ചർച്ചാവിഷയങ്ങൾ. ഓരോ പൗരന്റെയും ക്ഷേമം ഉറപ്പാക്കാനുള്ള വികസന പദ്ധതികൾക്ക് യോഗം രൂപം നൽകും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## FARMERS WELFARE - (INTRO)

രാജ്യത്തെ കർഷകരുടെ ക്ഷേമത്തിനാണ് സർക്കാർ ഏറ്റവും കൂടുതൽ മുൻഗണന നൽകുന്നതെന്നും, അവരുടെ ജീവിതം സാധ്യമാംവിധം സുഗമമാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. സമൂഹമാധ്യമങ്ങളിലൂടെ പങ്കുവെച്ച കുറിപ്പുകളിലാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യയുടെ ഭക്ഷ്യസുരക്ഷയുടെയും പോഷകാഹാര ലഭ്യതയുടെയും സമൃദ്ധിയുടെയും അടിസ്ഥാനം കർഷകരാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

വിശദാംശങ്ങളിലേക്ക്......

(വോയിസ്)

*പി.എം-കിസാൻ സമ്മാൻ നിധി, വിള ഇൻഷുറൻസ് പദ്ധതി തുടങ്ങിയ സംരംഭങ്ങൾ കർഷകരുടെ വരുമാനത്തിന് സുരക്ഷയൊരുക്കുക മാത്രമല്ല, കാർഷിക മേഖലയെ കൂടുതൽ ശാക്തീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.*

*പി.എം-കുസും പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കായി സൗരോർജ്ജം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൃഷിച്ചെലവ് ഗണ്യമായി കുറയ്ക്കാൻ സഹായിച്ചു. കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്ന കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി കർഷകർക്കും കന്നുകാലി വളർത്തുന്നവർക്കും മത്സ്യത്തൊഴിലാളികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാർഷിക വിളകൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിൽ സർക്കാരിന്റെ 'വിത്തു മുതൽ വിപണി വരെ' എന്ന പദ്ധതി അതീവ ഫലപ്രദമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഡ്രോണുകളുടെ ഉപയോഗം, സോയിൽ ഹെൽത്ത് കാർഡുകൾ, പ്രകൃതിദത്ത വളങ്ങൾ എന്നിവ കർഷകരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കുന്നുണ്ട്. രാജ്യത്തെ കർഷകർക്ക് കൃഷിയുമായി ബന്ധപ്പെട്ട എല്ലാ ആധുനിക സൗകര്യങ്ങളും ലഭ്യമാക്കുന്നതിനാണ് സർക്കാർ നിരന്തരം പ്രാധാന്യം നൽകുന്നതെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി.*

*ന്യൂസ് ഡെസ്ക്, ആകാശവാണി.......*

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## PM-CABINET

അഹമ്മദാബാദ് മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സുസ്ഥിര നഗര വളർച്ചയ്ക്കും സഹായകരമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വിമാനത്താവളത്തിലേക്കുള്ള കണക്റ്റിവിറ്റി, മെട്രോ റെയിൽ പദ്ധതി വിപുലീകരണത്തിലൂടെ വർദ്ധിക്കുമെന്നും അദ്ദേഹം സാമൂഹികമാധ്യമത്തിൽ കുറിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## EXCISE DUTY-PETROL WAIVED

രാജ്യത്തെ എഥനോൾ മിശ്രിത പെട്രോൾ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി ചില പ്രത്യേക പെട്രോൾ

വകഭേദങ്ങളുടെ കേന്ദ്ര എക്സൈസ് ഡ്യൂട്ടി സർക്കാർ പൂർണ്ണമായും ഒഴിവാക്കി. 22, 25, 27, 30 ശതമാനം വീതം എഥനോൾ ചേർത്ത ഇന്ധനങ്ങൾക്കാണ് ധനകാര്യ മന്ത്രാലയം നികുതി ഇളവ് പ്രഖ്യാപിച്ചത്. അസംസ്കൃത എണ്ണ ഇറക്കുമതി കുറയ്ക്കുക, കാർബൺ പുറന്തള്ളൽ നിയന്ത്രിക്കുക, ആഭ്യന്തര എഥനോൾ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ നീക്കത്തിലൂടെ ലക്ഷ്യമിടുന്നത്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## IRAN- US ESCALATION

ഇറാന്റെ സൈനിക കേന്ദ്രങ്ങൾക്ക് നേരെ അമേരിക്ക വീണ്ടും ശക്തമായ വ്യോമാക്രമണം നടത്തി. ഇതേത്തുടർന്ന് തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്ക് പൂർണ്ണമായും അടച്ചതായി ഇറാൻ പ്രഖ്യാപിച്ചു. ഇറാന്റെ വ്യോമ പ്രതിരോധ സംവിധാനങ്ങളെയും റഡാർ നിലയങ്ങളെയും ലക്ഷ്യമിട്ടായിരുന്നു അമേരിക്കയുടെ ആക്രമണം. തിരിച്ചടിയായി ബഹ്റൈൻ, കുവൈറ്റ്, ജോർദാൻ എന്നിവിടങ്ങളിലെ യു.എസ് സൈനിക താവളങ്ങൾക്ക് നേരെ ഇറാൻ മിസൈൽ-ഡ്രോൺ ആക്രമണങ്ങൾ നടത്തി. അതേസമയം, ഹോർമുസ് കടലിടുക്ക് വഴിയുള്ള കപ്പൽ ഗതാഗതം തടസ്സപ്പെട്ടിട്ടില്ലെന്ന് അമേരിക്ക വ്യക്തമാക്കി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## INDIA-VESSEL ATTACK

ഒമാൻ തീരത്ത് 'സെറ്റബെല്ലോ' എന്ന വാണിജ്യ കപ്പലിന് നേരെ നടന്ന ആക്രമണത്തിൽ ഇന്ത്യ കടുത്ത പ്രതിഷേധം രേഖപ്പെടുത്തി. സംഭവത്തെത്തുടർന്ന് ഇന്ത്യയിലെ യു.എസ് നയതന്ത്ര പ്രതിനിധി ജേസൺ മീക്സിനെ വിദേശകാര്യ മന്ത്രാലയം വിളിച്ചുവരുത്തി. കപ്പലിലുണ്ടായിരുന്ന 24 ഇന്ത്യൻ ജീവനക്കാരിൽ 21 പേരെ രക്ഷപ്പെടുത്തിയതായും മൂന്ന് പേരെ കാണാതായതായും മന്ത്രാലയം അറിയിച്ചു. മേഖലയിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ കപ്പലുകൾക്ക് നേരെ തുടർച്ചയായി ഉണ്ടാകുന്ന ആക്രമണങ്ങളിൽ ഇന്ത്യ കടുത്ത ആശങ്ക രേഖപ്പെടുത്തി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## RAIN - KERALA

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യത. ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്നും ഇടുക്കി എറണാകുളം, കോട്ടയം ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 5 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത്, കേരളം - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## WORLD CUP

കായികലോകം ആവേശത്തോടെ കാത്തിരിക്കുന്ന ഫിഫ ലോകകപ്പ് ഫുട്ബോളിന് മണിക്കൂറുകൾക്കകം കിക്കോഫ്. ചരിത്രത്തിലാദ്യമായി 48 ടീമുകൾ പങ്കെടുക്കുന്ന ഇത്തവണത്തെ ടൂർണമെന്റിന് അമേരിക്ക, മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങൾ സംയുക്തമായാണ് ആതിഥേയത്വം വഹിക്കുന്നത്. ഇന്ത്യൻ സമയം ഇന്ന് രാത്രി 10.30-ന് ആരംഭിക്കുന്ന ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായ കലാപരിപാടികൾ മൂന്നുരാജ്യങ്ങളിലുമായി നടക്കും. മെക്സിക്കോയിലെ ചരിത്രപ്രസിദ്ധമായ എസ്റ്റാഡിയോ ആസ്ടെക്ക സ്റ്റേഡിയത്തിൽ രാത്രി 12:30-ന് ആരംഭിക്കുന്ന ആദ്യ പോരാട്ടത്തിൽ ആതിഥേയരായ മെക്സിക്കോ ദക്ഷിണാഫ്രിക്കയെ നേരിടും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## GOVT 12YEARS

കഴിഞ്ഞ 12 വർഷത്തിനിടെ എൻഡിഎ സർക്കാരിന്റെ ഭരണത്തിന് കീഴിൽ രാജ്യത്ത് ശ്രദ്ധേയമായ പരിവർത്തനമാണ് ഉണ്ടായിട്ടുള്ളത്. ഈ കാലയളവിൽ, ദരിദ്രരുടെയും കർഷകരുടെയും സ്ത്രീകളുടെയും യുവാക്കളുടെയും ക്ഷേമത്തിനും ശാക്തീകരണത്തിനുമായി സർക്കാർ നിരവധി സംരംഭങ്ങൾ നടപ്പിലാക്കി. പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമിൻ പ്രകാരം, ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തികമായി

ദുർബലരായ കുടുംബങ്ങൾക്കായി നാല് കോടിയിലധികം വീടുകൾ അനുവദിച്ചിട്ടുണ്ട്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## JAISHANKAR-BULGARIA(INTRO)

*വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിൻറെ ദ്വിരാഷ്ട്ര സന്ദർശനം തുടരുന്നു. ഇന്നലെ സോഫിയയിൽ ബൾഗേറിയൻ പ്രധാനമന്ത്രി റുമെൻ റാദേവുമായി കൂടിക്കാഴ്ച നടത്തിയ ശ്രീ എസ്. ജയശങ്കർ ഇന്ത്യയുടെ ശക്തമായ ഉഭയകക്ഷി ബന്ധങ്ങൾ, ഇന്ത്യ-ബൾഗേറിയ തന്ത്രപരമായ പങ്കാളിത്തം തുടങ്ങിയവ ചർച്ച ചെയ്തു. ഇത് യുദ്ധത്തിന്റെ യുഗമല്ലെന്നും സംഘർഷങ്ങൾക്കുള്ള ഏക പരിഹാരം സംഭാഷണത്തിലും നയതന്ത്രത്തിലുമാണെന്നാണ് ഇന്ത്യ വിശ്വസിക്കുന്നതെന്നും ശ്രീ ജയ്ശങ്കർ പറഞ്ഞു.*

(വോയിസ്....)

*ഇന്ന് ശ്രീ ജയശങ്കർ ഫിൻലാൻഡിൽ നടക്കുന്ന" പരിവർത്തന ലോകം- ആഗോള, പ്രാദേശിക, വീക്ഷണങ്ങൾ" എന്ന വിഷയത്തെക്കുറിച്ചുള്ള 14-ാമത് കുൽത്താരന്ത സംഭാഷണത്തിൽ പങ്കെടുക്കും.*

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന രണ്ടാമത്തെ സിവിൽ ഇൻവെസ്റ്റിച്വർ ചടങ്ങിലാണ് പുരസ്കാരം സമ്മാനിക്കുന്നത്. നടൻ മമ്മൂട്ടി

പദ് മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## RAILWAY SAFETY

യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് സുപ്രധാന ചുവടുവെയ്പുമായി ഇന്ത്യൻ റെയിൽവേ. ഇതിന്റെ ഭാഗമായി രാജ്യവ്യാപകമായി റെയിൽവേ സ്റ്റേഷനുകളിൽ അഗ്നി സുരക്ഷാ ഓഡിറ്റുകൾ ആരംഭിച്ചു. റെയിൽവേ സ്റ്റേഷനുകളിൽ നിലവിലുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങൾ വിലയിരുത്തുക, യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് അഗ്നി സുരക്ഷാ ഓഡിറ്റുകൾപ്രധാനമായും ലക്ഷ്യമിടുന്നത്. പരിശോധനയിൽ ക ണ്ടെത്തുന്ന പോരായ്മകൾ ഉടനടി പരിഹരിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## VAISHNAW-JAIPUR-EARLY

രാജസ്ഥാനിലെ ജയ്സാൽമീർ ജില്ലയിലെ രാംഗഡിൽ 20-kW എഫ്എം ട്രാൻസ്മിറ്റർ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ഉത്ഘാടനം ചെയ്തു. അതിർത്തി പ്രദേശങ്ങളിലെ ആശയവിനിമയം ശക്തിപ്പെടുത്തുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധതയാണ് പദ്ധതിയിലൂടെ പ്രകടമാകുന്നതെന്ന് ജയ്പൂർ ആകാശവാണി നിലയത്തിൽ നടന്ന ചടങ്ങിൽ അദ്ദേഹം പറഞ്ഞു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## PIB FACT CHECK- IAF CRASH

ഇന്ത്യൻ വ്യോമസേനയുടെ വിമാനം പാകിസ്ഥാൻ അതിർത്തിക്ക് സമീപം തകർന്നുവീണുവെന്നതരത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്നും പാകിസ്ഥാൻ അക്കൗണ്ടുകൾ തെറ്റായ ദൃശ്യങ്ങൾ പ്രചരിപ്പിക്കുന്നുണ്ടെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു. തെറ്റിദ്ധാരണാ ജനകമായ പ്രചാരണങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും പിഐബി അറിയിച്ചു .

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## INDIA-ILO

9 കേന്ദ്ര തൊഴിൽ നിയമങ്ങൾ നാല് തൊഴിൽ കോഡുകളായി ഏകീകരിച്ചുകൊണ്ട് ഇന്ത്യ വിപുലമായ തൊഴിൽ പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ശോഭ കരന്ദ്‌ലജെ . ജനീവയിൽ നടക്കുന്ന അന്താരാഷ്ട്ര തൊഴിൽ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. അന്താരാഷ്ട്ര തൊഴിൽ സമ്മേളനത്തോടനുബന്ധിച്ച്, റുവാണ്ട , ശ്രീലങ്ക എന്നിവിടങ്ങളിലെ തൊഴിൽ മന്ത്രി മാരുമായും ഐഎൽഒ ഡയറക്ടർ ജനറൽ ഗിൽബെർട്ട് എഫ്. ഹൗങ്ബോ യുമായും ശ്രീമതി ശോഭ കരന്ദ്‌ലജെ ഉഭയകക്ഷി ചർച്ചകൾ നടത്തി.